# ഫിലി 2:1–11
# മർക്കോ 16: 14–20

ജൂൺ 01 : ഉയിർപ്പ് ഏഴാം ഞായർ

## ഭാഷ്യം

## ഫിലി 2:1–11

### I. സന്ദർഭം

വി. പൗലോസിനെ വിവിധ നിലകളിൽ സഹായിച്ചു പോന്നവരാണ് ഫിലിപ്പിയായിലെ വിശ്വാസികൾ (ഫിലി 1:4–6). അവർ നല്കിയ സഹായത്തിനു നന്ദി പറയുകയായിരുന്നു ഫിലിപ്പിയക്കാർക്കുള്ള കത്തിന്റെ പ്രധാന ലക്ഷ്യം (ഫിലി 4:10–20). അതേസമയം എവോദിയായും സിന്തിക്കെയും തമ്മിൽ നിലനിന്നിരുന്ന ഭിന്നത സഭയിൽ അനൈക്യത്തിനു കാരണമായിരുന്നു (ഫിലി 4:2–3). രണ്ടാം അധ്യായത്തിൽ യേശുവിന്റെ മാതൃക പിന്തുടർന്നുകൊണ്ട് ഐക്യത്തോടെ ജീവിക്കാൻ അപ്പസ്തോലൻ തന്റെ അനുവാചകരോട് ആവശ്യപ്പെടുകയാണ്. ശൂന്യവൽക്കരണത്തിന്റെ പാതയാണ് ഐക്യത്തിലേക്ക് നയിക്കുന്നത്.

### II. പ്രമേയം

1. ഐക്യമുള്ളിടത്തേ യഥാർത്ഥ സ്നേഹവും പരിശുദ്ധാത്മാവിലുള്ള കൂട്ടായ്മയും ഒരു യാഥാർത്ഥ്യമായിത്തീരുകയുള്ളൂ.
2. അപരനെ തന്നേക്കാൾ ശ്രേഷ്ഠനായിക്കരുതുക എന്നതായിരിക്കണം യഥാർത്ഥ ക്രിസ്തുശിഷ്യന്റെ മനോഭാവം. സ്വന്തം താല്പര്യം സംരക്ഷിക്കാൻ ശ്രമിക്കുന്നതോടൊപ്പം അപരന്റെ താല്പര്യത്തിനും പ്രാമുഖ്യം നൽകണം.
3. സ്വയം ശൂന്യവൽക്കരണത്തിന്റെ ഏറ്റം ഉദാത്തമായ മാതൃക നമ്മൾ കാണുന്നത് യേശു ക്രിസ്തുവിലാണ്. യേശുവിന്റെ സ്വയം ശൂന്യവൽക്കരണവും അനുസരണവും അവിടുത്തെ മഹത്ത്വീകരണത്തിന്റെ കാരണങ്ങളായിരുന്നു.
4. യേശുക്രിസ്തുവിന്റെ മുമ്പിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാവരും മുട്ടുകൾ മടക്കണം. അതായത്, അവിടുത്തെ ദൈവമായി അംഗീകരിക്കുകയും ദൈവത്തിനടുത്ത ഭക്ത്യാദരവുകൾ പ്രദർശിപ്പിക്കുകയും വേണം.

# III. സന്ദേശം

1. സഭാസമൂഹത്തിലുള്ള അനൈക്യം എതിർസാക്ഷ്യമാണ്. സഭകൾക്കുള്ളിലും സഭകൾ തമ്മിലും നിലനില്ക്കുന്ന മത്സരവും അനൈക്യവും വലിയ ഇടർച്ചക്ക് കാരണമാകുന്നുണ്ട്.  ക്രൈസ്തവ സഭകളുടെ ചരിത്രത്തിൽ രക്തച്ചൊരിച്ചിലുകൾക്കു പോലും ഐക്യമില്ലായ്മ കാരണമായിട്ടുണ്ട്. ഈശോ മരിക്കുന്നതിന്റെ തലേ രാത്രിയിൽ ഏറ്റം തീക്ഷ്ണമായി ആഗ്രഹിച്ചതും പ്രാർത്ഥിച്ചതും തന്റെ ശിഷ്യർക്കിടയിൽ ഐക്യം നിലനിൽക്കുന്നതിനുവേണ്ടി യായിരുന്നു. ക്രിസ്തുശിഷ്യരുടെയിടയിൽ നിലനിൽക്കുന്ന ഐക്യമാണ് യേശുക്രിസ്തു ആരെന്ന് മനസ്സിലാക്കാൻ ലോകത്തിനു സഹായകരമായിത്തീരുന്നത്. "പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോ ഹ 17-21). ലോകം ക്രിസ്തുവിനെ അറിയുന്നതിനും അംഗീകരിക്കുന്നതിനും തടസ്സമായി നിൽക്കുന്നത് ക്രൈസ്തവരുടെ ഇടയിലുള്ള ഐക്യമില്ലായ്മയാണ്.

2. ഫിലിപ്പിയായിലെ സഭയിൽ സ്തുത്യർഹമായ സേവനം നടത്തിയിരുന്ന രണ്ടു വ്യക്തികളാണ് എവോദിയായും സിന്തിക്കെയും (ഫിലി 4-3). എന്നാൽ അവർ തമ്മിൽ യോജിച്ചു പ്രവർത്തിക്കാൻ പറ്റാത്ത ഒരു സാഹചര്യം അവിടെ നിലവിലുണ്ടായിരുന്നു. അത് വലിയ ഉതപ്പിനു കാരണമായിത്തീർന്നു. വ്യക്തികൾ തമ്മിലുള്ള മത്സരമായിരിക്കാം ഇതിനു കാരണമായത്. ആരാണ് വലുത് എന്ന ചിന്ത കക്ഷിവഴക്കുകളിലേക്ക് നയിച്ചു. അതുകൊണ്ടാണ് യേശുക്രിസ്തുവിന്റെ ജീവിതമാതൃകയെ അനുകരിച്ച് എളിമയോടുകൂടി ഓരോരുത്തരും മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി കരുതാൻ അപ്പസ്തോലൻ ആവശ്യപ്പെടുന്നത്. ഇങ്ങനെയുള്ള ചിന്തയും മനോഭാവവും മാത്സര്യവും അസൂയയും ഇല്ലാതാക്കി ഐക്യത്തിന്റെ പാതയിൽ നീങ്ങാൻ നമ്മെ സഹായിക്കും, എല്ലാവരും യേശുവിന്റെ ജീവിതത്തിലേക്കു നോക്കി വേണം തങ്ങളുടെ ജീവിത കാഴ്ചപ്പാടുകളെ ക്രമീകരിക്കേണ്ടത്.

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# മർക്കോ 16: 14 – 20

## I. സന്ദർഭം

ആദിമ കയ്യെഴുത്തുപ്രതികൾ നൽകുന്ന സാക്ഷ്യപ്രകാരം മർക്കോസിന്റെ സുവിശേഷം 16:8 ൽ അവസാനിച്ചിരിക്കാനാണ് ഏറെ സാധ്യത. എങ്കിൽ ആദിമ അനുവാചകരിലാരോ എഴുതിച്ചേർത്തൊരു പിൻകുറിപ്പായിരിക്കണം മർക്കോസ് 16:9-20. സുവിശേഷത്തിന്റെ അവസാനഭാഗം ശിഷ്യത്വത്തിന്റെ അന്തിമ പരാജയമാണ് (15:42-16:8). ഇതിനുശേഷം വരുന്ന പിൻകുറിപ്പ് (16:9-20) യേശുശിഷ്യർ വിശ്വാസത്തിലൂടെ വിജയത്തിലേക്ക് വരുന്നതാണ് വിവരിക്കുന്നത്.

## II. പ്രമേയം

ശിഷ്യർ വിശ്വാസരാഹിത്യത്തിൽ നിന്നും വിശ്വാസത്തിലേക്ക് വളരുന്നതാണ് പ്രമേയം. ഉത്ഥാനശേഷമുള്ള യേശുവിന്റെ പ്രത്യക്ഷപ്പെടലുകളും (16:9, 12,14) ശിഷ്യഗണത്തിനു ദൗത്യം കൊടുക്കുന്നതും (16:14-18), യേശുവിന്റെ സ്വർഗ്ഗാരോഹണവുമാണ് വിവരണങ്ങൾ (16:19-20). ഇതിൽ ശിഷ്യഗണത്തിന് ദൗത്യം കൊടുക്കുന്നതാണ് ഇന്നത്തെ വചനഭാഗം.

## III. സന്ദേശം

1. ഉത്ഥിതൻ ശിഷ്യരെ ശാസിക്കുന്നത് അവരുടെ ഹൃദയകാഠിന്യത്തെക്കുറിച്ചും വിശ്വാസരാഹിത്യത്തെക്കുറിച്ചുമാണ്. ഇവരണ്ടും പരസ്പരം ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഹൃദയം കഠിനമാകുമ്പോൾ വിശ്വാസം കുറയും; ഹൃദയം മൃദുവാകുമ്പോൾ നിന്റെ വിശ്വാസം കൂടും. നിന്റെ ഹൃദയത്തെ നീ കഠിനപ്പെടുത്തരുത്. പഴയനിയമത്തിൽ ഹൃദയകാഠിന്യത്തിന്റെ വക്താവ് ഫറവോയാണ്. അതുകൊണ്ടാണ് 10 അത്ഭുതങ്ങൾ കണ്ടിട്ടും അയാൾക്ക് വിശ്വാസമുണ്ടാകാത്തത്. പുതിയ നിയമത്തിൽ ഫരിസേയരാണ് ഹൃദയകാഠിന്യത്തിന്റെ ആൾക്കാർ. അവർക്കും യേശുവിൽ വിശ്വസിക്കാനായില്ല. നിന്റെ ഹൃദയത്തെ നീ കഠിനപ്പെടുത്താതരിക്കുക. ഹൃദയത്തെ മൃദുവാക്കി സൂക്ഷിക്കുക. എങ്കിൽ നീ വിശ്വാസത്തിന്റെ വഴിയേ നടക്കുന്നവനായിത്തീരും.

2. ശിഷ്യന്മാർക്കു യേശു നൽകുന്ന ദൗത്യം സുവിശേഷം പ്രസംഗിക്കാനാണ്. എല്ലാ ക്രിസ്തുശിഷ്യരുടെയും ചുമതലയാണിത് - സുവിശേഷം പ്രസംഗിക്കുക. ഇതിനെക്കുറിച്ച് അസ്സീസിയും മാർപ്പാപ്പായും പറഞ്ഞൊരു നിർദ്ദേശമുണ്ട്: നീ സുവിശേഷം പ്രസംഗിക്കുക. എന്നാൽ അത്യാവശ്യമുള്ളപ്പോൾ മാത്രം വാക്കുകൾ ഉപയോഗിക്കുക. ജീവിതം കൊണ്ടുള്ള സുവിശേഷപ്രഘോഷണമാണ് പ്രധാനമെന്നു സാരം.

എന്താണ് നീ പ്രസംഗിക്കേണ്ട സുവിശേഷം? നീ അനുഭവിക്കുന്ന നല്ല വാർത്തയാണ് നീ പ്രസംഗിക്കേണ്ടത്. അതായത് ദൈവം നിന്റെ പിതാവാണെന്ന്, നിന്നെ പുത്രനെപ്പോലെ അവിടുന്ന് സ്നേഹിക്കുന്നെന്ന്, ക്രിസ്തുവും പിതാവും നിന്റെ കൂടെയുണ്ടെന്ന്; അവർ ഒരിക്കലും നിന്നെ കൈവെടിയില്ലെന്നും. ഈ നല്ല വാർത്തയാണ് നീ സകലരോടും പ്രസംഗിക്കേണ്ടത്.

3. വിശ്വസിക്കുന്നവൻ യേശുവിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കും (16:17). ക്രിസ്തുവിൽ വിശ്വസിക്കുന്നവന്റെ കൂടെ ക്രിസ്തു ഉണ്ടെന്നതാണ് സത്യം. ക്രിസ്തുവിന്റെ നാമത്തിലും അവന്റെ ശക്തിയിലും ആശ്രയിക്കുന്നവൻ പിശാചുക്കളെ ബഹിഷ്ക്കരിക്കും. അത്തരം വിശ്വാസികളുടെ സാന്നിധ്യത്തിൽ ദുഷ്ടശക്തികൾ ദുർബലമാകും; തിന്മ പരാജയപ്പെടും. കാരണം വിശ്വാസിയുടെ കൂടെയുള്ളത് ക്രിസ്തുതന്നെയാണ്. നിന്റെ സാന്നിധ്യം തിന്മയെ നിർമാർജനം ചെയ്യുന്നതാണോ? എങ്കിലേ നീ യഥാർത്ഥ ക്രിസ്തു വിശ്വാസിയായി മാറുന്നുള്ളൂ.

**ഡോ. ജെ. നാലുപറയിൽ**

# പ്രസംഗം: ആറിപ്പോയ വിശ്വാസത്തെ ചൂടു പിടിപ്പിക്കുക

'നൈറ്റ് ഫീവർ' എന്ന ആത്മീയ സംഗമം ഇന്ന് ലോകശ്രദ്ധ പിടിച്ചു പറ്റിയിരിക്കുന്നു. ഈ 'ഫീവർ' പിടിക്കാത്ത നാടും നഗരവും വിരളം. ന്യൂയോർക്കിലും ന്യൂസിലാന്റിലുമെല്ലാം 'നൈറ്റ് ഫീവറാ'ണ് സംസാരവിഷയം. ആ ആത്മീയസംഗമം തുടങ്ങിയത് ജർമ്മനിയിലാണ്. ലോകയുവജന സമ്മേളനത്തിൽ തങ്ങൾ അനുഭവിച്ച വിശ്വാസക്കനൽ കെടാതെ സൂക്ഷിക്കാൻ കൊളോണിലെ ചില വിദ്യാർത്ഥികൾ പരിശ്രമിച്ചതിന്റെ ഫലമാണ് ഈ ആത്മീയ മുന്നേറ്റം. വഴിയാത്രക്കാരെ ദേവാലയത്തിലേക്ക് അടുപ്പിക്കുക/ആകർഷിക്കുക ഇതാണ് ഈ സുവിശേഷ പ്രഘോഷണത്തിന്റെ ശൈലി. തിരക്കുള്ള നഗരവീഥികളിൽ രണ്ടുപേർ വന്ന് വഴിയാത്രക്കാരോട് ചോദിക്കുന്നു, "ഞങ്ങൾ ഒരു തിരി സമ്മാനമായി തരട്ടെ?" അമ്പരന്നു നിൽക്കുന്നവരോട് അവർ തുടരുന്നു "നിങ്ങൾക്കു താൽപര്യമെങ്കിൽ ആ ദേവാലയത്തിലേക്കൊന്നു കയറുമോ? അവിടെ സംഗീതമുണ്ട്, പ്രാർത്ഥനയുണ്ട്." തെല്ലു മടിച്ചെങ്കിലും എല്ലാവരും കയറിച്ചെല്ലുന്നു. അകത്ത് ഇടമുറിയാതെ പെയ്യുന്ന പശ്ചാത്തല സംഗീതം. സങ്കീർത്തനങ്ങൾ. സുകൃതജപങ്ങൾ... അവിടെ ആരും ആരെയും പ്രാർത്ഥിക്കാൻ നിർബന്ധിക്കില്ല എന്നിട്ടും അകത്തു കയറിയതുപോലെയല്ല പലരും തിരിച്ചിറങ്ങി വരുന്നത്.

ജർമൻ കാത്തലിക് ബിഷപ്സ് കോൺഫറൻസ് "സഭയുടെ പ്രതീക്ഷാ നക്ഷത്ര"മെന്നാണ് നൈറ്റ് ഫീവറിനെ വിശേഷിപ്പിച്ചത്. വൈകുന്നേരം വിശുദ്ധ കുർബ്ബാനയോടെ ആരംഭിക്കുന്ന ആരാധന രാത്രി 12 മണിക്ക് സഭയുടെ യാമപ്രാർത്ഥനയോടെ അവസാനിക്കുന്നു. സംഗീതവും നിശ്ശബ്ദതയും കൂട്ടിക്കലർത്തി, പഴമയും പുതുമയും ഒന്നിച്ചുചേർത്ത് ഈ ആത്മീയയാത്ര മുന്നേറുകയാണ്. ഭൂഖണ്ഡങ്ങളിൽ നിന്ന് ഭൂഖണ്ഡങ്ങളിലേക്ക്...

ഇത് നവസുവിശേഷവത്ക്കരണത്തിന്റെ കാലഘട്ടം! ആറിത്തണുക്കുന്ന വിശ്വാസജീവിതത്തിന് ചൂടുപകരാനും ജീവനേകാനും സഭ ക്ഷണിക്കുന്ന കാലഘട്ടം. ഇവിടെ, വിശ്വാസത്തെ കൂടുതൽ സജീവമാക്കണം, തീവ്രമാക്കണം, അനുഭവവേദ്യമാക്കണം. അല്ലെങ്കിൽ അത് കരിന്തിരി കത്തി നശിക്കും. മരിച്ചും മരവിച്ചും "പഞ്ച്" നഷ്ടപ്പെട്ട വിശ്വാസജീവിതത്തിന് നമ്മുടെ ജീവിതം ഒരു ഉണർത്തു പാട്ടാവണം എന്ന് ഓർമ്മപ്പെടുത്തലാണ് ഉത്ഥിതൻ തരുന്നത്. പുത്തൻ രീതികളിൽ, പുത്തൻ ശൈലികളിൽ ഒക്കെ വിശ്വാസം കൈമാറപ്പെടണം ജീവിക്കപ്പെടണം. അപ്പോളാണ് യഥാർത്ഥ സുവിശേഷപ്രഘോഷണവും മിഷണറി പ്രവർത്തനവും സംഭവിക്കുക. "പുറത്തേയ്ക്ക് പോകാൻ" എല്ലാവർക്കും ത്രില്ലാണ്. എന്നാൽ ഉള്ളിലേക്ക് കടക്കാനും വിശ്വാസം ജീവിക്കാനും ബുദ്ധിമുട്ടാണ്. "ജീവിക്കുക" എന്നത് ശ്രമകരമാണല്ലോ.

ഉത്ഥിതന്റെ ആഹ്വാനമിതാണ്. "നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 8:15). ഈ ഗുരുവചനം ഓരോ ശിഷ്യനും നെഞ്ചേറ്റി വാങ്ങണം. ഇത് സാധ്യമാകണമെങ്കിൽ ഗുരുവിനെ തൊട്ടറിയണം. തിരുസന്നിധാനത്തിങ്കൽ കുത്തിയിരിക്കണം കാരണം ഇരിക്കുന്നവനേ ഇറങ്ങാനൊക്കൂ... "അവിടുത്തെ സന്ദർശനത്തിൽ അവർ പ്രശോഭിക്കും. വയ്ക്കോലിൽ തീപ്പൊരിയെന്നപോലെ അവർ കത്തിപ്പടരും" (ജ്ഞാനം 3:7). യേശു സ്നേഹത്തിന്റെ കനലെരിയുന്ന മനുഷ്യരെയാണ് ഇന്ന് ആവശ്യം. ഗ്രഹാം സ്റ്റെയിൻസും സിസ്റ്റർ റാണി മരിയയും ഫാ. അരുൾദാസുമൊക്കെ കാട്ടിത്തരുന്നതും ഇതു തന്നെയാണ്. യേശുവിനെ അറിയുക, അറിഞ്ഞ യേശുവിനെ പ്രഘോഷിക്കുക. "യേശുവിനെ അറിഞ്ഞവരെല്ലാം മിഷണറിമാരാണ്. യേശുവിനെ അറിയാത്തതെല്ലാം മിഷൻ പ്രദേശങ്ങളാണ്." (കാർഡിനൽ ആന്റണി പടിയറ).

സഭ സ്വഭാവത്താൽതന്നെ പ്രേഷിതയാണെന്ന് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട്. "തെരുവിലിറങ്ങി വീഴുകയും പരിക്കുപറ്റുകയും ചെയ്യുന്ന സഭയെയാണ് എനിക്കിഷ്ടമെന്ന്" ഫ്രാൻസീസ് പാപ്പായും സൂചിപ്പിച്ചിട്ടുണ്ട്. അപരനിലേക്ക് ഇറങ്ങണമെന്ന ഓർമ്മപ്പെടുത്തലാണ് ഇതെല്ലാം. പക്ഷേ, ഇന്നത്തെ ഒരു ദുരന്തം പാപ്പാ പങ്കുവയ്ക്കുന്നുണ്ട്. "സഭ ഉള്ളിലേക്ക് പിൻവലിയുന്നത് അപകടകരമാണ്." തന്നിലേക്കു തന്നെ ഒതുങ്ങിക്കൂടി, സ്വാർത്ഥതയുടെ കൂടുകളിലേക്ക് മനുഷ്യർ ചുരുങ്ങിപ്പോവുകയാണ്. ഗുരുവിനെ തൊട്ടറിയാത്തതാണ് ഈ വിഷമസന്ധിയുടെ മൂലകാരണം. നവസുവിശേഷ വത്ക്കരണത്തിന്റെ പ്രസക്തി ഇവിടെയാണ്. ആറിപ്പോയ വിശ്വാസത്തെ ചൂടുപിടിപ്പിക്കുക.

1983 ൽ ലാറ്റിൻ അമേരിക്കൻ ബിഷപ്പ്സ് കോൺഫറൻസിനെ അഭിമുഖീകരിച്ച ജോൺപോൾ പാപ്പയാണ് ഈ പദം ആദ്യം ഉപയോഗിച്ചത്. മാമ്മോദീസാ സ്വീകരിച്ചവരും എന്നാൽ വിശ്വാസം ജീവിക്കാത്തവരുമായ ക്രൈസ്തവരിൽ പുത്തൻ ഉണർവ്വ് സമ്മാനിക്കുക! നവസുവിശേഷവത്ക്കരണം കാലഘട്ടത്തിന്റെ ആവശ്യകതയാണ്, കാലഘട്ടത്തിന്റെ സുവിശേഷപ്രഘോഷണമാണ്, കാലഘട്ടത്തിന്റെ മിഷൻ പ്രവർത്തനമാണ്... ഈ തിരിച്ചറിവാണ് പ്രധാനം.

കരിന്തിരി കത്തുന്ന വിശ്വാസം കരുത്തോടെ കത്തണമെങ്കിൽ, യഥാർത്ഥ മിഷൻ സാധ്യമാകണമെങ്കിൽ ഗുരുവിന്റെ പാദാന്തികത്തിലായിരിക്കണം. യേശുവിനെ അറിഞ്ഞവന് അപരനിലേക്ക് ഇറങ്ങാതിരിക്കാനാവില്ല.

**ഫാ. മനീഷ് ഓലംകണ്ണേൽ എം.സി.ബി.എസ്**